ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 245-ാം ദിവസം

ജനോ വൈ ലോക ഏതസ്മിന്നവിദ്യാകാമകർമ്മഭി:
ഉച്ചാവചാസു ഗതിഷു നവേദ സ്വാം ഗതിം ഭ്രമൻ (10–28–13)
ഇതി സഞ്ചിന്ത്യ ഭഗവാൻ മഹാകാരുണികോ ഹരി:
ദർശയാമാസ ലോകം സ്വം ഗോപാനാം തമസ: പരം (10–28–14)
സത്യം ജ്ഞാനമനന്തം യദ്ബ്രഹ്മ ജ്യോതി: സനാതനം
യദ്ധി പശ്യന്തി മുനയോ ഗുണാപായേ സമാഹിതാ: (10–28–15)

*ശുകമുനി തുടർന്നു:*
ഒരിക്കൽ ഏകാദശി വ്രതം കഴിഞ്ഞതിൻെറ പിറ്റേ ദിവസം നേരത്തെ എഴുന്നേറ്റ് നന്ദഗോപർ കാളിന്ദീ നദിയിൽ കുളിച്ച് വിധിപ്രകാരം വ്രതമവസാനിപ്പിക്കാൻ പുറപ്പെട്ടു. അതിനുപറ്റിയ മുഹൂർത്തം നോക്കിയാണ് നന്ദഗോപർ കാളിന്ദിയിൽ പോയത്. എന്നാൽ ആ സമയം ഇരുട്ടിൻെറ ശക്തികളുടെ വിളയാട്ടമുള്ളതും അവർക്ക് പ്രിയപ്പെട്ടതുമായിരുന്നു. അതുകൊണ്ട് നന്ദൻ ജലത്തിലിറങ്ങിയതും ജലദേവതയായ വരുണൻെറ ദൂതൻമാരിലൊരാൾ അദ്ദേഹത്തെ പിടികൂടി വരുണസവിധത്തിലെത്തിച്ചു.

വൃജവാസികൾ നന്ദൻ നദിയിൽ മുങ്ങിമരിച്ചു എന്നുകരുതി ഉറക്കെ കരയാൻ തുടങ്ങി. ഇതുകേട്ടു വന്ന കൃഷ്ണൻ അച്ഛനെ തേടി നേരെ വരുണൻെറയടുക്കൽ എത്തി. ഭഗവാൻ കൃഷ്ണനെ തൻെറ വാതിൽപ്പടിയിൽ കണ്ടപ്പോൾ വരുണൻ സ്നേഹഭക്ത്യാദരവുകളോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അദ്ദേഹം പറഞ്ഞു: ഇന്ന് എൻെറ ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതമായ ദിവസമത്രെ. വിശ്വത്തിൻെറ മുഴുവനും സത്തും നിധിയുമായ ഭഗവൽസാന്നിദ്ധ്യം എനിക്ക് ലഭിച്ചിരിക്കുന്നു. ഞാനങ്ങയെ നമസ്കരിക്കുന്നു. അങ്ങാണ് പരംപൊരുൾ. മായാതീതൻ. അവിടുത്തെ അഛൻ ഇതാ. അവിടുത്തെ വിനീതഭൃത്യൻമാരായ ഞങ്ങളോട് പൊറുത്താലും. അറിയാതെയായാലും അവിടുത്തെ അഛനെ ഇവിടെ കൊണ്ടുവന്ന് അങ്ങയോട് ഞങ്ങൾ അപരാധം ചെയ്തു. ഞങ്ങളോട് ക്ഷമിച്ചാലും.

കൃഷ്ണനും നന്ദനും വൃന്ദാവനത്തിലേക്ക് തിരിച്ചു വന്നു. നന്ദൻ വരുണസവിധത്തിലെ ധനസമ്പത്തും പ്രൗഢിയുമെല്ലാം കണ്ടു. അതേ സമയം വരുണനുള്ള ഭക്ത്യാദരവും അദ്ദേഹം മനസ്സിലാക്കി. ആ ലോകത്തിൻെറ രാജാവിന് തൻെറ മകനോടുള്ള സ്നേഹബഹുമാനങ്ങളും നന്ദൻ കണ്ടു. അദ്ദേഹം ഈ കാര്യങ്ങളെല്ലാം വൃജത്തിലെ തൻെറ ആളുകളോട് പറഞ്ഞു. അവരെല്ലാം അത്ഭുത പരവശരാവുകയും ഭഗവാൻ എല്ലാവരേയും തൻെറ ദിവ്യസവിധത്തിലേക്ക്കൂട്ടികൊണ്ടുപോവും ഒരിക്കൽ എന്ന് പ്രത്യാശിക്കുകയും ചെയ്തു. അന്തര്യാമിയായ ഭഗവാൻ ഇതു മനസ്സിലാക്കി ഇങ്ങിനെ ആലോചിച്ചു: മനുഷ്യർ ഈ ലോകത്ത് തപ്പിത്തടഞ്ഞ് സഞ്ചരിക്കുന്നു. ചിലപ്പോൾ ഉന്നതമായ പാതയിൽ. അല്ലെങ്കിൽ തഴേക്കുള്ള പതനത്തിൽ. എന്നാൽ എല്ലായ്പ്പോഴും അജ്ഞതയ്ക്കു വശംവദരായി കഴിയുന്നു. ആർത്തിയോടെ സ്വാർത്ഥകർമ്മങ്ങൾ ചെയ്യുന്നത് ആത്മീയപാതയെക്കുറിച്ച് അറിവല്ലാത്തതുകൊണ്ടത്രേ. തൻെറ കൂട്ടുകാരായ ഗോപൻമാരോടുള്ള ദയാവായ്പ്പൊന്നുകൊണ്ടുമാത്രം കൃഷ്ണൻ തൻെറ പരമഗൃഹം അവർക്ക് കാണിച്ചുകൊടുത്തു. അനന്തമെന്നും സത്തെന്നും ബോധമെന്നും ഇരുട്ടിനുമപ്പുറത്തുള്ള ബ്രഹ്മം എന്നും അറിയുന്നതും ത്രിഗുണാദികളെ വെന്ന മാമുനിമാർ അനുഭവിച്ചറിഞ്ഞതുമായ അവിടം ഗോപൻമാർ കണ്ടു. വേദങ്ങൾ കൃഷ്ണനു സങ്കീർത്തനമാലപിക്കുന്നതവിടെയത്രെ. ഈ ദർശനഭാഗ്യം അത്ഭുതാദരങ്ങളോടെ ഉൾക്കൊണ്ടശേഷം വൃന്ദാവനവാസികൾ വീണ്ടും കൃഷ്ണനെ തങ്ങളിലൊരാളായി കണ്ടു.